സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 34 2025 ഏപ്രിൽ 12 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

വീണ്ടും വില കുറച്ചു, സബ്സിഡി സാധനങ്ങൾക്ക് പത്ത് രൂപ വരെ കുറച്ച് സപ്ലൈകോ

തൃശൂർ : സബ്സിഡി ഇനങ്ങളുടെ വില ഇന്നുമുതൽ സപ്ലൈകോ വിൽപന ശാലകളിൽ കുറയും. തുവരപ്പരിപ്പ്, മുളക്, കടല, ഉഴുന്ന്, വൻപയർ എന്നിവയ്ക്കാണ് നാലു മുതൽ 10 രൂപ വരെ കിലോഗ്രാമിന് കുറയുക.വൻകടല കിലോഗ്രാമിന് 65 രൂപ, ഉഴുന്ന് 90 രൂപ, വൻപയർ 75 രൂപ, തുവരപ്പരിപ്പ് 105 രൂപ, മുളക് 500 ഗ്രാമിന് 57.75 രൂപ എന്നിങ്ങനെയാണ് സപ്ലൈകോ വിൽപനശാലകളിൽ ജിഎസ്ടി അടക്കമുള്ള സബ്സിഡി സാധനങ്ങളുടെ ഇന്ന് മുതലുള്ള വില. നേരത്തെ ഇത് യഥാക്രമം 69, 95, 79, 115, 68.25 എന്നിങ്ങനെ ആയിരുന്നു.

'ഭരണഘടനാ ഭേദഗതി തീരുമാനിക്കുന്നത് രണ്ട് ജഡ്ജിമാരാണോ? നിയമസഭയും പാർലമെന്റും പിന്നെ എന്തിനാണ്'

സുപ്രീം കോടതി വിധിക്കെതിരെ ഗവർണർ

തിരു: സംസ്ഥാന നിയമസഭ പാസാക്കിയ ബില്ലുകളിൽ തീരുമാനമെടുക്കാൻ ഗവർണർമാർക്ക് സമയക്രമം നിശ്ചയിക്കുന്ന തമിഴ്നാട് ഗവർണർക്കെതിരായ സുപ്രീംകോടതിയുടെ വിധിക്കെതിരെ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ഹിന്ദുസ്ഥാൻ ടൈംസിന് നൽകിയ പ്രത്യേക അഭിമുഖത്തിലാണ് അദ്ദേഹം അഭിപ്രായം വ്യക്തമാക്കിയത്. സുപ്രീംകോടതിയുടെ നടപടിയെ അതിരുകടന്നതെന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്.

'ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കേണ്ടത് പാർലമെന്റാണ്. ഗവർണർ അനാവശ്യമായി ബില്ലുകൾ പിടിച്ചുവയ്ക്കരുത് എന്നുപറയുന്നതിനെ ന്യായീകരിക്കാം. എന്നാൽ ഒരു നിശ്ചിത സമയത്തിനുള്ളിൽ ബില്ലുകളിൽ തീരുമാനമെടുക്കണമെന്ന് ഭരണഘടനയിൽ സൂചിപ്പിച്ചിട്ടില്ല. വിഷയം കേട്ട ബെഞ്ച് ആ വിഷയം ഭരണഘടനാ ബെഞ്ചിന് വിടണമായിരുന്നു എന്നാണ് എനിക്ക് തോന്നിയത്. ഒരു ബില്ലിന് അംഗീകാരം നൽകാൻ ഗവർണർക്ക് ഭരണഘടന ഒരുതരത്തിലുള്ള സമയപരിധിയും നിശ്ചയിച്ചിട്ടില്ല. എന്നാൽ സമയപരിധി വേണമെന്ന് സുപ്രീം കോടതി പറഞ്ഞാൽ അത് ഭരണഘടനാ ഭേദഗതിയാകും. ഭരണഘടനാ ഭേദഗതി ചെയ്യുന്നത് പാർലമെന്റിന്റെ അവകാശമാണ്. ഭേദഗതിക്ക് അനുകൂലമായി മൂന്നിൽ രണ്ട് ഭൂരിപക്ഷവും വേണം. അവിടെ (സുപ്രീംകോടതിയിൽ) ഇരിക്കുന്ന രണ്ട് ജഡ്ജിമാർ, ഭരണഘടനാ വ്യവസ്ഥയുടെ വിധി അവർ തീരുമാനിക്കുമോ? എനിക്ക് ഇത് മനസിലാകുന്നില്ല. ഇത് ജുഡീഷ്യറിയുടെ അതിരുകടന്ന ഇടപെടലാണ്. അവർ ഇത് ചെയ്യാൻ പാടില്ലായിരുന്നു. ഭരണഘടനാ ഭേദഗതി കോടതിയാണ് ചെയ്യുന്നതെങ്കിൽ, നിയമസഭയും പാർലമെന്റും പിന്നെ എന്തിനാണ്?'– ആർലേക്കർ ചോദിച്ചു

'സുപ്രീം കോടതി ഒരു നിർദ്ദേശം നൽകുന്നത് മനസിലാക്കാൻ കഴിയും. എന്നാൽ സമയപരിധി തീരുമാനിക്കേണ്ടത് പാർലമെന്റാണ്. ബില്ലുകളുമായി ബന്ധപ്പെട്ട് തമിഴ്നാട് ഗവർണർക്ക് ചില പ്രശ്നങ്ങൾ ഉണ്ടായിരിക്കാം. വിവിധ കോടതികളിൽ പല കേസുകളും വർഷങ്ങളോളം കെട്ടിക്കിടക്കുന്നത് നമ്മൾ കണ്ടിട്ടുണ്ട്. ഹൈക്കോടതികളിലും സുപ്രീം കോടതിയിലും കേസുകൾ കെട്ടിക്കിടക്കുന്നുണ്ട്. ഇതിന് ജഡ്ജിമാർക്ക് പറയാൻ ചില കാരണങ്ങൾ ഉണ്ടായിരിക്കാം. അങ്ങനെയെങ്കിൽ ബില്ലുകളിൽ തീരുമാനമെടുക്കാതിരിക്കാനും ഗവർണർക്കും ചില കാരണങ്ങളുണ്ടാകാം. അത് അംഗീകരിക്കണം. സമയപരിധി നിശ്ചയിക്കണമെന്ന് ഈ രാജ്യത്തെ ജനങ്ങൾക്ക് തോന്നുന്നുണ്ടെങ്കിൽ അവർ പാർലമെന്റിലൂടെ ചെയ്യട്ടെ'–ഗവർണർ വ്യക്തമാക്കി.

മുഖ്യമന്ത്രി പിണറായി വിജയനുമായി നല്ലബന്ധത്തിലാണെന്നും ആർലേക്കർ പറഞ്ഞു. 'മുഖ്യമന്ത്രിയുമായി എനിക്ക് നല്ല ബന്ധമുണ്ട്. ഇതുവരെ ഞങ്ങൾക്കിടയിൽ പ്രശ്നങ്ങളില്ല. എല്ലാ പ്രശ്നങ്ങളും ചർച്ചചെയ്യുകയും അവ പരിഹരിക്കുകയും ചെയ്തു. മുന്നിലുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടെന്നാണ് എന്റെ വാദം. എന്നാൽ ആരിഫ് മുഹമ്മദ് ഖാൻ ചെയ്തത് അന്ന് ശരിയായിരുന്നു. രണ്ടുകൈയും കൂട്ടിയടിച്ചാലല്ലേ ശബ്ദമുണ്ടാകൂ എന്ന് ചൊല്ലുണ്ടല്ലോ. അപ്പോൾ അതായിരുന്നു അവസ്ഥ. ആ സമയത്ത് സാദ്ധ്യമായതും ആവശ്യമുള്ളതും ആരിഫ് ജി ചെയ്തു എന്നും അദ്ദേഹം പറഞ്ഞു.

കാറും ബൈക്കും കൂട്ടിയിച്ച് പരിക്ക്

കേച്ചേരി: വടക്കാഞ്ചേരി റോഡിൽ മമ്പഉൽ ഹുദ സ്കൂളിനു സമീപം കാറും, ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രികൻ കോട്ടപ്പടി സ്വദേശി പൂക്കോട്ടിൽ വീട്ടിൽ ചന്ദ്രൻ മകൻ ശരത്ത്(28) ന് പരിക്കുപറ്റി. ശരത്തിനെ മുള്ളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തൃശ്ശൂർ പൂരത്തിന് ഇനി 24 ദിവസങ്ങൾ മാത്രം

തൃശ്ശൂർ : തൃശ്ശൂർ പൂരത്തിന് 24 ദിവസം മാത്രം ബാക്കി നിൽക്കേ, വെടിക്കെട്ടിലെ അനിശ്ചിതത്വം തീരുന്നില്ല. പുതിയ ചട്ടഭേദഗതി വന്നശേഷം നടക്കുന്ന ആദ്യ പൂരമായിട്ടും ഫലവത്തായ മുന്നൊരുക്കം ആരംഭിച്ചിട്ടില്ല. ദൂരപരിധിയിളവിന് അപേക്ഷിക്കാൻ കേന്ദ്രവുമായി കൂടുതൽ ചർച്ച നടത്തുമെന്ന് പറഞ്ഞിരുന്നെങ്കിലും നടന്നിട്ടില്ല.

കേസ് കൈകാര്യം ചെയ്യാൻ വീണാ വിജയന് അറിയാം – ബിനോയ് വിശ്വത്തിനെതിരെ ശിവൻകുട്ടി

തിരു: സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വത്തിനെതിരേ മന്ത്രി വി. ശിവൻ കുട്ടി. പിണറായിയുടെ പേര് സർക്കാരിനൊപ്പം ചേർത്ത് പറയുന്നതിൽ കുശുമ്പിന്റെ കാര്യമില്ലെന്നും കേസ് കൈകാര്യം ചെയ്യാൻ വീണാ വിജയന് അറിയാമെന്നും വി. ശിവൻകുട്ടി പറഞ്ഞു. ബിനോയ് വിശ്വം അഭിപ്രായം പറയേണ്ടിയിരുന്നത് ഇടതുമുന്നണി യോഗത്തിലായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'വീണാ വിജയന്റെ പേരിൽ രാഷ്ട്രീയ ദുഷ്ടലാക്കോടെ കേന്ദ്ര ഏജൻസികൾ കേസെടുക്കുന്നുണ്ട്. മുഖ്യമന്ത്രി പിണറായി വിജയന് ഇടതുപക്ഷം പൂർണപിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. വീണാ വിജയന്റെ കേസിൽ ബിനോയ് വിശ്വം ഉത്കണ്ഠപ്പെടേണ്ട യാതൊരു ആവശ്യവുമില്ല. അദ്ദേഹം പറയേണ്ടിയിരുന്നത് എൽഡിഎഫ് യോഗത്തിലായിരുന്നു. അതുമാത്രമല്ല, പിണറായി സർക്കാർ എന്ന് പറയാൻ പാടില്ല എന്നാണ് ബിനോയ് വിശ്വത്തിന്റെ പുതിയ കണ്ടുപിടിത്തം. ബിനോയ് വിശ്വം മുഖ്യമന്ത്രിയായാലും, ബിനോയ് വിശ്വം നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്ന് തന്നെ ആയിരിക്കും പറയുക. അതിലൊന്നും അസൂയയുടേയും കുശുമ്പിന്റെയും ആവശ്യമില്ല', വി ശിവൻകുട്ടി പറഞ്ഞു.

വീണാ വിജയനെതിരായ എക്സാലോജിക് കുറ്റപത്രം സിപിഐയുടെ വിഷയമല്ലെന്നായിരുന്നു സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞത്. വീണാ വിജയന്റെ കേസും മുഖ്യമന്ത്രിയുടെ കേസും രണ്ടും രണ്ടാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി മുഖ്യമന്ത്രിക്കൊപ്പം കൂടെ നിൽക്കും. മുഖ്യമന്ത്രിയുടെ മകളുടെ കമ്പനിയുടെ കാര്യങ്ങൾ സിപിഐയുടെ വിഷയമല്ലെന്നും ബിനോയ് വിശ്വം കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു.

കാർ പിന്നോട്ടെടുക്കുന്നതിനിടെ ദേഹത്ത് കയറി 4 വയസുകാരി മരിച്ചു; സ്ത്രീക്ക് ഗുരുതര പരിക്ക്

മലപ്പുറം: വാഹനാപകടത്തിൽ നാലു വയസുകാരിക്ക് ദാരുണാന്ത്യം. മലപ്പുറം എടപ്പാളിലാണ് സംഭവം. വീട്ടിൽ നിർത്തിയിട്ടിരുന്ന കാർ പിന്നിലേക്ക് എടുത്തപ്പോൾ അബദ്ധത്തിൽ കുഞ്ഞിന്റെ ദേഹത്തേക്ക് ഇടിച്ചുകയറുകയായിരുന്നു. എടപ്പാൾ മഠത്തിൽ വീട്ടിൽ ജാബിറിന്റെ മകൾ അംറുബിൻദ് ജാബിർ ആണ് മരിച്ചത്. അപകടത്തിൽ കാറിലുണ്ടായിരുന്ന രണ്ട് സ്ത്രീകൾക്കും വീടിന്റെ മുറ്റത്ത് നിന്നിരുന്ന ബന്ധുവായ സ്ത്രീക്കും പരിക്കേറ്റു. മുറ്റത്ത് നിന്ന സ്ത്രീയുടെ പരിക്ക് ഗുരുതരമാണ്. ഇവരെ കോട്ടയ്ക്കലിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഇന്നലെ രാത്രിയോടെയാണ് അപകടമുണ്ടായത്. ഓട്ടോമാറ്റിക് കാറാണ് അപകടത്തിൽപ്പെട്ടത്. കാറിൽ രണ്ട് സ്ത്രീകളാണ് ഉണ്ടായിരുന്നത്. കാർ പിന്നോട്ട് എടുക്കുന്നതിനിടയിൽ വേഗത്തിൽ പിന്നോട്ട് വന്ന് മുറ്റത്ത് നിൽക്കുകയായിരുന്നവരെ ഇടിക്കുകയായിരുന്നുവെന്നാണ് വിവരം. കാർ വേഗത്തിൽ വന്നതിനാൽ ഇവർക്ക് മാറാനായില്ല.

നാലു വയസുകാരിയുടെ ദേഹത്ത് കാർ കയറുകയായിരുന്നു. സമീപത്ത് നിൽക്കുകയായിരുന്ന സ്ത്രീയെയും കാറിടിച്ചു. അപകടം നടന്ന ഉടനെ കുഞ്ഞിനെ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

ഭാര്യയുടെ പരാതിയിൽ രാത്രി മുഴുവൻ ജയിലിൽ; തിരിച്ചെത്തി അമ്മയോട് ഒരു കാര്യം പറഞ്ഞു, പിന്നാലെ ആത്മഹത്യ

ലക്നൗ: ഭാര്യയുടെ പരാതിക്ക് പിന്നാലെ യുവാവ് ജീവനൊടുക്കി. ഉത്തർപ്രദേശിലെ ബറേലിയിലാണ് സംഭവം. ഇരുപത്തിയെട്ടുകാരനായ രാജ് ആര്യയാണ് ആത്മഹത്യ ചെയ്തത്. രാജും ഭാര്യ സിമ്രാനും തമ്മിൽ പ്രശ്നങ്ങളുണ്ടായിരുന്നുവെന്ന് ബന്ധുക്കൾ പറഞ്ഞു.

ഭാര്യയുടെ മാനസിക പീഡനം മൂലമാണ് രാജ് ആത്മഹത്യ ചെയ്തതെന്നാണ് കുടുംബത്തിന്റെ ആരോപണം. 'നിങ്ങൾ 10.30ന് ജയിലിലാകും, ബെസ്റ്റ് ഓഫ് ലക്ക്, ജയിലിൽ പോകൂ'എന്ന് പറഞ്ഞുകൊണ്ട് യുവതി ഇൻസ്റ്റഗ്രാമിൽ പോസ്റ്റിട്ടിരുന്നു. പിന്നാലെ ഭർത്താവിനെതിരെ പൊലീസിൽ പരാതി നൽകി.

തുടർന്ന് രാജിനെ പൊലീസ് അറസ്റ്റ് ചെയ്തു. സിമ്രാന്റെ സഹോദരൻ പൊലീസുകാരനാണ്. ഇയാൾ കസ്റ്റഡിയിൽവച്ച് രാത്രി മുഴുവൻ രാജിനെ മർദിച്ചതായും ആരോപണമുണ്ട്. തുടർന്ന് വീട്ടിലെത്തിയ രാജ് മാനസികമായും ശാരീരികമായും ഏറെ തളർന്നിരുന്നു.

ഞാൻ എന്നന്നേക്കുമായും ഉറങ്ങാൻ പോകുകയാണെന്നും, ശല്യം ചെയ്യരുതെന്നും രാജ് അമ്മയോട് പറഞ്ഞു. ക്ഷീണിതനായ മകൻ ഉറങ്ങാൻ പോകുകയാണെന്നാണ് അമ്മ കരുതിയത്. റൂമിലേക്ക് പോയ രാജിനെ ഫാനിൽ തൂങ്ങിമരിച്ച നിലയിലാണ് കണ്ടെത്തിയത്.

ഒരു വർഷം മുമ്പായിരുന്നു രാജും സിമ്രാനും വിവാഹിതരായത്. ദമ്പതികൾക്ക് ഒരു മകനുണ്ട്. കുറച്ചുനാളുകൾക്ക് മുമ്പ് വഴക്കിട്ട് സിമ്രാൻ സ്വന്തം വീട്ടിലേക്ക് പോയിരുന്നു. രാജ് ഭാര്യയുടെ വീട്ടിൽ ചെന്നെങ്കിലും സിമ്രാനെ ഒപ്പം വിടാൻ വീട്ടുകാർ തയ്യാറായില്ല. മാത്രമല്ല ഇയാളെ ഭാര്യയുടെ ബന്ധുക്കൾ മർദിച്ചതായും റിപ്പോർട്ടുകളുണ്ട്.

സിമ്രാന് മറ്റൊരാളുമായി ബന്ധമുണ്ടായിരുന്നുവെന്നും ഫോണിലൂടെ ഇയാളുമായി നിരന്തരം സംസാരിക്കാറുണ്ടായിരുന്നുവെന്നും രാജിന്റെ സഹോദരി ആരോപിക്കുന്നു. രാജിന്റെ കുടുംബം പരാതി നൽകിയാൽ സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷിക്കുമെന്ന് പൊലീസ് പറഞ്ഞു.

ജമ്മുവിൽ സൈനികന് വീരമൃത്യു, ജെയ്ഷെ കമാൻഡറടക്കം മൂന്ന് ഭീകരരെ വധിച്ചു

ജമ്മു: ജമ്മുകാശ്മീരിലെ അഖ്നൂർ സെക്ടറിലെ നിയന്ത്രണരേഖയിൽ ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു സൈനികൻ വീരമൃത്യുവരിച്ചു. കരസേനയിലെ ജൂനിയർ കമ്മീഷൻഡ് ഓഫീസറാണ് വീരമൃത്യുവരിച്ചത്. ഇന്നലെ രാത്രി വൈകി കേരി ഭട്ടൽ പ്രദേശത്തെ വനമേഖലയിൽ അരുവിക്ക് സമീപം ആയുധധാരികളായ ഒരുസംഘം ഭീകരർ തമ്പടിച്ചിരിക്കുന്ന വിവരമറിഞ്ഞ് സൈന്യം അവിടെയെത്തി. തിരച്ചിലിനിടെ ഭീകരർ സൈന്യത്തിനുനേരെ വെടിയുതിർത്തു. സൈന്യം തിരിച്ചടിച്ചു. ഏറ്റുമുട്ടൽ ഏറെ സമയം നീണ്ടുനിന്നു. ഇതിനിടയിലാണ് ജൂനിയർ കമ്മീഷൻഡ് ഓഫീസർക്ക് പരിക്കേൽക്കുകയും പിന്നീട് വീരമൃത്യുവരിക്കുകയുമായിരുന്നു എന്നാണ് അധികൃതർ പറയുന്നത്. ഇവിടെ ഏറ്റുമുട്ടൽ തുടരുന്നതായും റിപ്പോർട്ടുണ്ട്.

അതേസമയം, കിഷ്ത്വാറിൽ സൈന്യവും ഭീകരരും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ മൂന്ന് ഭീകരരെ സൈന്യം വധിച്ചു. ജെയ്ഷെ കമാൻഡറടക്കം കൊല്ലപ്പെട്ടെന്നാണ് സൂചന. ആദ്യം ഒരു ഭീകരനെയാണ് വധിച്ചത്. തുടർന്ന് രണ്ടുപേരെക്കൂടി വധിക്കുകയായിരുന്നു. ഭീകരരിൽ നിന്ന് എം–4, എ കെ –47 തോക്കുകളും സ്ഫോടക വസ്തുക്കൾ ഉൾപ്പടെയുള്ള ആയുധങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. പ്രദേശത്ത് കൂടുതൽ സൈനികർ ഒളിച്ചിരിക്കുന്നുണ്ടെന്ന സംശയത്തിൽ തിരച്ചിൽ ശക്തമാക്കിയിട്ടുണ്ട്. അതിർത്തി കടന്നെത്തിയ ഭീകരരാണ് ആക്രമണം നടത്തിയതെന്നാണ് കരുതുന്നത്.

സൈന്യം നടപടി കടുപ്പിച്ചതോടെ ജമ്മുകാശ്മീരിൽ പാകിസ്ഥാന്റെ സഹായത്തോടെയുള്ള ഭീകരാക്രമണവും കാര്യമായി കുറഞ്ഞിരുന്നു. എന്നാൽ അടുത്തിടെ സംസ്ഥാനത്ത് പലയിടത്തും ഭീകരർ ആക്രമണങ്ങൾ നടത്തിയിരുന്നു. ഇതേത്തുർടന്ന് സൈന്യം വീണ്ടും നടപടി കർശനമാക്കിയിരിക്കുകയാണ്.

വെള്ളാപ്പള്ളി പറഞ്ഞത് ജനം കേട്ടതാണ്, മുഖ്യമന്ത്രി ന്യായീകരിക്കരുതായിരുന്നു: പി.കെ. കുഞ്ഞാലിക്കുട്ടി

കോഴിക്കോട്: വെള്ളാപ്പള്ളി നടേശന്റെ മലപ്പുറം പരാമർശം മുഖ്യമന്ത്രി ന്യായീകരിക്കരുതായിരുന്നുവെന്ന് മുസ്ലിം ലീഗ് നേതാവ് പി.കെ. കുഞ്ഞാലിക്കുട്ടി. വെള്ളാപ്പള്ളിയുടെ പ്രസ്താവന ന്യായീകരിച്ചാൽ അവർ മോശമാകും. മുഖ്യമന്ത്രി അത് ന്യായീകരിക്കരുതായിരുന്നു. വെള്ളാപ്പള്ളിയുടെ പ്രസ്താവന ന്യായീകരിക്കുന്നത് തെങ്ങിൽ തേങ്ങ കക്കാൻ കയറി പിടിക്കപ്പെട്ടാൽ അപ്പുറത്തെ പറമ്പിലെ കുറുന്തോട്ടി നോക്കിയതാണെന്ന് പറഞ്ഞ പോലെയാണെന്നും പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു.

കേരളത്തിലെ ജനങ്ങൾ കേട്ട പ്രസ്താവനയാണ് വെള്ളാപ്പള്ളിയുടേത്. ആ പ്രസ്താവന പാർട്ടിയെക്കുറിച്ചല്ല. പറഞ്ഞത് ജനം കേട്ടു. ഇനി വ്യാഖാനം കൊണ്ട് അത് മാറ്റാനാവില്ല. ലീഗിന്റെ മതേതരത്വം വെളിപ്പെടുത്താൻ പ്രത്യേക സർട്ടിഫിക്കറ്റ് ആവശ്യമില്ല. ലീഗിനെക്കുറിച്ചാണ് പ്രസ്താവനയെന്ന് കേട്ടാൽ ഭയപ്പെടുകയില്ലെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

വെള്ളാപ്പള്ളി നടേശന്റെ വിവാദമായ മലപ്പുറം പരാമർശം ഒരു രാഷ്ട്രീയപ്രസ്ഥാനത്തെ ഉദ്ദേശിച്ച് പറഞ്ഞതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കഴിഞ്ഞദിവസം പറഞ്ഞിരുന്നു. എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി സ്ഥാനത്ത് മൂന്നുപതിറ്റാണ്ട് പൂർത്തിയാക്കുന്ന വെള്ളാപ്പള്ളിയെ ആദരിക്കാൻ ചേർത്തലയിൽ സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനംചെയ്ത് സംസാരിക്കുന്നതിനിടെയാണ് മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞത്.

ഏതെങ്കിലും മതവിഭാഗത്തിനെതിരേ നിലപാടു സ്വീകരിക്കുന്നയാളല്ല വെള്ളാപ്പള്ളി നടേശനെന്ന് അദ്ദേഹത്തെ അറിയുന്നവർക്ക് അറിയാം. വിവിധ മതവിഭാഗങ്ങളെ യോജിപ്പിച്ചു കൊണ്ടുപോകുന്നതിൽ അദ്ദേഹം മുന്നിൽനിന്നിട്ടുണ്ട്. കാര്യങ്ങൾ വ്യക്തമായി അവതരിപ്പിക്കാനുള്ള പ്രത്യേകശേഷി വെള്ളാപ്പള്ളിക്കുണ്ട്. നാട്ടുഭാഷയിൽ പറഞ്ഞാൽ, സരസ്വതീവിലാസം നാക്കിലുണ്ട്. എന്നാൽ, തെറ്റിദ്ധാരണ പരത്താൻ ഇടയാക്കുന്ന സാഹചര്യം ഒരു പ്രസംഗത്തിൽ വന്നു. ഇക്കാര്യത്തിൽ അവധാനതയോടെ അദ്ദേഹം നീങ്ങണം. വെള്ളാപ്പള്ളി എന്തെങ്കിലും തെറ്റു ചെയ്തു എന്ന അർഥത്തിലല്ല ഇക്കാര്യം പറയുന്നത്.

എന്തിനെയും വക്രീകരിക്കാൻ നോക്കുന്ന കാലമാണിത്. വെള്ളാപ്പള്ളി പറഞ്ഞത് ഒരു രാഷ്ട്രീയപ്രസ്ഥാനത്തെക്കുറിച്ചാണ്. അവരെ സംരക്ഷിക്കാൻ വന്നവർ ഒന്നിച്ച് വെള്ളാപ്പള്ളിക്കെതിരേ രംഗത്തുവന്നെന്നും മുഖ്യമന്ത്രി പറഞ്ഞിരുന്നു.

ട്രെയിൻ ഇടിച്ച് 17 പശുക്കൾ ചത്തു

പാലക്കാട്: ട്രെയിൻ ഇടിച്ച് പതിനേഴ് പശുക്കൾ ചത്തു. പാലക്കാട് മീങ്കരയിൽ ഇന്ന് രാവിലെയോടെയാണ് അപകടമുണ്ടായത്. മേയാൻ വിട്ട പശുക്കൾ പാളം മുറിച്ചുകടക്കുന്നതിനിടെ പാഞ്ഞെത്തിയ ട്രെയിൻ അവയെ ഇടിച്ച് തെറിപ്പിക്കുകയായിരുന്നു. പശുക്കൾ ട്രാക്കിലൂടെ നടക്കുമ്പോഴാണ് ട്രെയിൻ ഇടിച്ചതെന്നാണ് ദൃക്സാക്ഷികൾ പറയുന്നത്. ഇടിയുടെ ആഘാതത്തിൽ പശുക്കളുടെ ശരീരം ചിതറിത്തെറിക്കുകയായിരുന്നു. ചിലവ ചതഞ്ഞരഞ്ഞുപോയി. പശുക്കളുടെ ഉടമസ്ഥരെക്കുറിച്ചുള്ള വിവരങ്ങൾ വ്യക്തമല്ല.

പശുക്കൾ പാളത്തിൽ നിൽക്കുന്നത് കണ്ട് ലോക്കോ പൈലറ്റ് ഉച്ചത്തിൽ ഹോൺ മുഴക്കിയെങ്കിലും കാര്യമുണ്ടായില്ല. ട്രെയിൽ നിറുത്താൻ ശ്രമിച്ചെങ്കിലും അതും വിജയിച്ചില്ല. പശുക്കളെ ഇടിച്ചുതെറിപ്പിച്ചശേഷമാണ് ട്രെയിൻ നിറുത്താനായത്.

പിക്കപ്പ് വാൻ നിയന്ത്രണംവിട്ട് ഇടിച്ചുകയറി; കാൽനടയാത്രക്കാരായ രണ്ടുപേർക്ക് ദാരുണാന്ത്യം

തൃശ്ശൂർ: മണ്ണുത്തി – വടക്കഞ്ചേരി ദേശീയപാത വാണിയമ്പാറയിൽ കള്ള് കയറ്റി കൊണ്ടുപോവുകയായിരുന്ന പിക്കപ്പ് വാനിടിച്ച് കാൽനടയാത്രക്കാരായ രണ്ടുപേർ മരിച്ചു. വാണിയമ്പാറ സ്വദേശികളായ കവനാമറ്റത്തിൽ ജോണി (57), ഫോറസ്റ്റ് വാച്ചർ മണിയൻ കിണർ ആദിവാസി ഉന്നതിയിലെ രാജൻ (59) എന്നിവരാണ് മരിച്ചത്.

ഇന്ന് രാവിലെ 8:15നായിരുന്നു അപകടം. മേഖലയിൽ അടിപ്പാത നിർമ്മാണവും സമാന്തരമായി സർവീസ് റോഡിന്റെ നിർമ്മാണവും നടക്കുന്നതിനാൽ ദേശീയപാതയുടെ അരികിലൂടെ നടക്കുകയായിരുന്നു രണ്ടുപേരും.

ഈ സമയം പാലക്കാട് ഭാഗത്ത് നിന്നും കള്ള് കയറ്റി വന്ന പിക്കപ്പ് വാൻ അമിതവേഗത്തിൽ നിയന്ത്രണം നഷ്ടപ്പെട്ട് ഇവരുടെ മേൽ ഇടിച്ചു കയറുകയായിരുന്നു. പരിക്കേറ്റവരെ ഉടൻ 108 ആംബുലൻസിൽ തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

മുനമ്പത്ത് രാഷ്ട്രീയ മുതലെടുപ്പ് വേണ്ട; വിദ്വേഷ പ്രചാരണത്തെ എതിർത്ത് ലത്തീൻ സഭയും സമസ്തയും

മുനമ്പം, വഖഫ് ബിൽ വിഷയങ്ങളിൽ വിദ്വേഷം പരത്തുന്നതിനെ എതിർത്ത് സമസ്തയും ലത്തീൻ കത്തോലിക്ക സഭയും. മുനമ്പത്തെ ഭൂപ്രശ്നം ക്രൈസ്തവമുസ്ലിം സംഘർഷ വിഷയമാക്കി രാഷ്ട്രീയ മുതലെടുപ്പിന് ശ്രമം നടക്കുന്നുണ്ടെന്നും ഇത് ശരിയല്ലെന്നും ലത്തീൻസഭ ജീവനാദത്തിലെ മുഖപ്രസംഗത്തിൽ വ്യക്തമാക്കി. വഖഫ് ബോർഡിൽ അമുസ്ലിംകളെ ഉൾപ്പെടുത്തുന്നതിലും സഭ വിയോജിപ്പ് വ്യക്തമാക്കി. വിഷയത്തിൽ ഇതര കത്തോലിക്ക സഭകൾ സ്വീകരിക്കുന്ന നിലപാടിനോടും വിമർശനം ഉന്നയിച്ചിട്ടുണ്ട്. മലയോരത്തേത് പോലെ തീരത്തും വിദ്വേഷം പരത്താൻ ശ്രമിക്കുന്നവർ ഈയാംപാറ്റകളാകുമെന്ന് മുഖപ്രസംഗം മുന്നറിയിപ്പ് നൽകുന്നു.

അതിനിടെ വഖഫ് പ്രക്ഷോഭത്തിൽ ബ്രദർഹുഡ് ചിത്രങ്ങൾ ഉപയോഗിച്ചത് അട്ടിമറി നീക്കമാണെന്ന് എപി വിഭാഗം സമസ്തയുടെ മുഖപത്രമായ സിറാജിൽ വിമർശനം. തീവ്രവാദ കാഴ്ചപ്പാടുള്ള ബ്രദർഹുഡിന് വഖഫ് സംരക്ഷണത്തിൽ എന്ത് ബന്ധമാണുള്ളതെന്നും എപി വിഭാഗം ചോദ്യമുയർത്തുന്നു. മുസ്ലിംകളെ ലക്ഷ്യമിട്ടാണ് മോദി സർക്കാർ വഖഫ് ഭേദഗതി പാസാക്കിയതെങ്കിലും ഭരണഘടന ഉറപ്പ് നൽകുന്ന മതസ്വാതന്ത്ര്യത്തിന് നേരെയുള്ള കയ്യേറ്റമെന്ന നിലയിൽ മതേതര പ്രസ്ഥാനങ്ങൾ ഒറ്റക്കെട്ടായി ഈ നിയമത്തെ പ്രതിരോധിക്കാൻ രംഗത്ത് വന്നിട്ടുണ്ടെന്നും മുഖപ്രസംഗത്തിൽ ചൂണ്ടിക്കാട്ടുന്നു.

ജമാ അത്തെ ഇസ്ലാമി ഇതാദ്യമായിട്ടല്ല മതേതര പ്രസ്ഥാനങ്ങളുടെ സമരങ്ങളെയും പ്രക്ഷോഭങ്ങളെയും തങ്ങളുടെ ആശയ രാഷ്ട്രീയ പരിസരം വികസിപ്പിക്കാൻ ഉപയോഗപ്പെടുത്തുന്നതെന്നും പൗരത്വ ഭേദഗതി പ്രക്ഷോഭ സമയത്തടക്കം അവർ ഇത്തരം തന്ത്രങ്ങൾ പയറ്റിയിട്ടുണ്ടെന്നും മുഖപ്രസംഗം കുറ്റപ്പെടുത്തുന്നു.

ഇത്തരം പ്രവർത്തനങ്ങൾ കാരണം രാജ്യവ്യാപകമായി മുസ്ലിം സമുദായം തെറ്റിദ്ധരിക്കപ്പെടുകയാണെന്നും മുഖപ്രസംഗത്തിൽ പറയുന്നു.

COURT NOTICE

BEFORE THE HON'BLE ARBITRATION TRIBUNAL
SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,
AYYANTHOLE SOUTH, NEAR NEW COURT COMPLEX
THRISSUR - 680003

ACP No.64/2025

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567
-Petitioner

1. Mrs. Irshina, Aged 31

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ആചാരങ്ങൾ വിഷുക്കണി മേറ്റാരു ദൃശ്യം

കണിക്കൊന്നപ്പൂക്കൾ.

വിഷുവുമായി ബന്ധമുള്ള ഒന്നാണ് കണിക്കൊന്ന (ഇന്ത്യൻ ലബർണം). കൊന്നപ്പൂ വിഷുക്കാലത്ത് കേരളത്തിലെങ്ങും പൂത്തു നിൽക്കുന്നത് നയനാന്ദകരമായ കാഴ്ചയൊരുക്കുന്നു. കർണ്ണികാരം എന്നും അറിയുന്ന കണികൊന്നകളിൽ വിരിയുന്ന മഞ്ഞപ്പൂക്കളാണ് കേരളത്തിന്റെ സംസ്ഥാന പുഷ്പവും. അതിർത്തി പ്രദേശങ്ങളിലും ഈ മരം കാണപ്പെടുന്നുണ്ട്. വിഷുവിനായി നാട് ഒരുങ്ങുമ്പോഴേ കൊന്നകളും പൂത്തു തുടങ്ങും. വേനലിൽ സ്വർണ്ണത്തിന്റെ നിധി ശേഖരം തരുന്ന വൃക്ഷം എന്നാണ്കൊന്നകളെപ്പറ്റി പുരാണങ്ങളിൽ പറയുന്നത് അവലംബം ആവശ്യമാണ. എന്നാൽ മറ്റൊരു ഉപകാരവുമില്ലാത്ത ഈ മരം വിഷുക്കാലത്ത് പൂത്തിരുന്നതിനാലാവാം ഈ പൂവും വിഷുച്ചടങ്ങുകളുമായി ബന്ധപ്പെടുന്നത് എന്ന് ചില ചരിത്രകാരന്മാർ കരുതുന്നു.

വിഷുക്കട്ട

തലേനാൾ സംക്രാന്തിയാണ്. അന്ന് വൈകീട്ട് വീട്ടിലെ ഉപയോഗശൂന്യമായ വസ്തുക്കൾ കത്തിച്ചുകളയുന്നു. വീട് ശുദ്ധിയാക്കുകയും പുതിയ വർഷത്തെ വരവേൽക്കുയും ആണ് ഇതിന്റെ ഉദ്ദേശം. അതോടെ വീടുകളിൽ പടക്കം പൊട്ടിച്ചു തുടങ്ങുകയായി. ഓലപ്പടക്കം, മാലപ്പടക്കം, കമ്പിത്തിരി, പൂത്തിരി, മേശപ്പൂത്തിരി, മത്താപ്പ് തുടങ്ങിയ നിറപ്പകിട്ടാർന്നതുമായ വർണ്ണ പടക്കങ്ങൾ കത്തിക്കുന്നത് കേരളത്തിൽ പതിവാണ്. ഇത് വിഷുനാളിലും കാലത്ത് കണികണ്ടശേഷവും വൈകീട്ടും തുടരുന്നു.

കേരളത്തിന്റെ പ്രധാന വിളവെടുപ്പുത്സവങ്ങളാണ് വിഷുവും ഓണവും. ഓണം വിരിപ്പുകൃഷിയുമായി ബന്ധപ്പെട്ടാണെങ്കിൽ വിഷു വേനൽ പച്ചക്കറി വിളകളുമായി ബന്ധപ്പെട്ടാണ് ആചരിക്കുന്നത്.

വിഷുവുമായി ബന്ധപ്പെട്ട ആചാരങ്ങൾ വ്യത്യസ്തമാണ്. വിഷുക്കണി ആണ് ഏറ്റവും പ്രധാനപ്പെട്ടത്. വിഷുക്കൈനീട്ടം, വിഷു സദ്യ, വിഷുക്കളി തുടങ്ങിയവ വിഷുവിനോട് അനുബന്ധിച്ചുള്ള ആഘോഷങ്ങളാണ്.

വിഷുക്കണി

കുടുംബത്തിലെ മുതിർന്ന സ്ത്രീകൾക്കാണ് വിഷുക്കണി ഒരുക്കുവാനും അത്കാണിക്കുവാനുമുള്ള ചുമതല. തേച്ചൊരുക്കിയ ഓട്ടുരുളിയിൽ അരിയും നെല്ലും ഉപയോഗിച്ച്പാതി നിറച്ച് കുടെ അലക്കിയ, മുണ്ടും, പൊന്നും, വാൽക്കണ്ണാടിയും, കണിവെള്ളരിയും, കണിക്കൊന്നയും, പഴുത്ത അടയ്ക്കയും വെറ്റിലയും, കണ്മഷി, ചാന്ത്, സിന്ദൂരം, നാരങ്ങ എന്നിവയും കിഴക്കോട്ട് തിരിയിട്ട് കത്തിച്ച നിലവിളക്കും, നാളികേര പാതിയും, ശ്രീകൃഷ്ണന്റെ വിഗ്രഹവും വെച്ചാണ്വിഷുക്കണി ഒരുക്കുക. കണിക്കൊന്ന പൂക്കൾ വിഷുക്കണിയിൽ നിർബന്ധമാണ് ഐശ്വര്യസമ്പൂർണ്ണമായ അതായത്പ്രകാശവും, ധനവും, ഫലങ്ങളും, ധാന്യങ്ങളും എല്ലാം ചേർന്ന വിഷുക്കണി കണ്ടുണരുമ്പോൾ, പുതിയൊരു ജീവിതചംക്രമണത്തിലേക്കുള്ള വികാസമാണത്രെ സംഭവിക്കുക. ചിലയിടങ്ങളിൽ കുറിക്കൂട്ടും, ഗ്രന്ഥവും, വെള്ളിപ്പണം, ചക്ക, മാങ്ങ മുതലായവയും കണിക്ക് വെയ്ക്കാറുണ്ട് കത്തിച്ച ചന്ദനത്തിരിയും, വെള്ളം നിറച്ച ഓട്ടുകിണ്ടിയും,പുതിയ കസവുമുണ്ടും അടുത്തുണ്ടാവണം എന്നാണ്പറയുന്നത് പ്രായമായ സ്ത്രീ രാത്രി കണി ഒരുക്കി ഉറങ്ങാൻ കിടക്കും. പുലർച്ചെ എഴുന്നേറ്റ് കണികണ്ട്, മറ്റുള്ളവരെ കണികാണിക്കും. ഉറക്കത്തിൽ നിന്ന് വിളിച്ചുണർത്തി പുറകിൽ നിന്നും കണ്ണുപൊത്തി കൊണ്ടുപോയാണ്കണികാണിക്കുന്നത് കുടുംബാംഗങ്ങൾ എല്ലാവരും കണികണ്ടാൽ പിന്നെ വീടിന്റെ കിഴക്കുവശത്ത് കണികൊണ്ടുചെന്ന് പ്രകൃതിയെ കണികാണിക്കണം, അതിനു ശേഷം ഫലവൃക്ഷങ്ങളേയും, വീട്ടുമൃഗങ്ങളേയും കണികാണിക്കുന്നു

വിഷുക്കൈനീട്ടം

കണി കണ്ടതിനുശേഷം ഗൃഹനാഥൻ അല്ലെങ്കിൽ ഗൃഹനാഥ കുടുംബാംഗങ്ങൾക്ക് നൽകുന്ന സമ്മാനമാണ് വിഷുക്കൈനീട്ടം എന്നറിയപ്പെടുന്നത്. ആദ്യകാലങ്ങളിൽ നൽകിയിരുന്നത് സ്വർണ്ണം, വെള്ളി എന്നിവയിൽ ഉണ്ടാക്കിയ നാണയങ്ങൾ ആയിരുന്നു. അവലംബം ആവശ്യമാണ്. വർഷം മുഴുവനും സമ്പൽ സമൃദ്ധി, ഐശ്വര്യം എന്നിവ ഉണ്ടാകട്ടേ എന്ന് അനുഗ്രഹിച്ചുകൊണ്ടാണ് കൈനീട്ടം നൽകുന്നത്. പ്രായമായവർ പ്രായത്തിൽ കുറവുള്ളവർക്കാണ് സാധാരണ കൈനീട്ടം നൽകുന്നത്. എങ്കിലും ചില സ്ഥലങ്ങളിൽ പ്രായം കുറഞ്ഞവർ മുതിർന്നവർക്കും കൈനീട്ടം നൽകാറുണ്ട്. പ്രത്യേകിച്ച് വരുമാനവും തൊഴിഴും ഉള്ള ആളുകൾ ആണ് ഇത്തരത്തിൽ കൈനീട്ടം നൽകിയിരുന്നത്.

ചക്കയ്ക്ക് പനസം എന്നു മാത്രമേ പറയാവൂ. വിഷു വിഭവങ്ങളിൽ ചക്ക എരിശ്ശേരി, ചക്ക വറുത്തത് തുടങ്ങിയ വിഭവങ്ങൾ ഉണ്ടായിരിക്കും. എരിശ്ശേരിയിൽ ചക്കയുടെ എല്ലാ ഭാഗങ്ങളും ചേർത്തിരിക്കും. ഒരു മുഴുവൻ ചക്കച്ചുള, തൊലിയോട് കൂടിയ ചക്കക്കുരു, ചക്കയുടെ കൂഞ്ഞ് വിഷു പുറത്തേ മുള്ള് എന്നിവയും എരിശ്ശേരിയിൽ ചേർത്തിരിക്കും. വള്ളുവനാട് പ്രദേശങ്ങളിൽ വിഷു ദിവസം കഞ്ഞി സദ്യയായിരിക്കും പ്രധാനം. വാഴപ്പോള വൃത്താകൃതിയിൽ ചുരുട്ടി അതിൽ വാഴയില വച്ച് പഴുത്ത പ്ലാവിലകൊണ്ടാണ് തേങ്ങ ചിരകിയിട്ട് കഞ്ഞി കുടിക്കുന്നത്. ഇതിനു കൂടെ കഴിക്കാൻ ചക്ക എരിശ്ശേരിയും ചക്ക വറുത്തതും ഉണ്ടായിരിക്കും. കേരളത്തിലെ ചില ഭാഗങ്ങളിൽ ഓണസദ്യയുടേതു പോലെയുള്ള വിഭവസമൃദ്ധമായ സദ്യയും ഉണ്ടായിരിക്കും.

രാവിലെ പ്രാതലിന് ചിലയിടങ്ങളിൽ വിഷുക്കട്ട എന്ന വിഭവവും കാണാറുണ്ട്. നാളികേരപ്പാലിൽ പുന്നെല്ലിന്റെ അരി വേവിച്ച് ജീരകം ചേർത്ത് വറ്റിച്ചാണ് വിഷുക്കട്ട ഉണ്ടാക്കുന്നത് വിഷുക്കട്ടക്ക് മധുരമോ ഉപ്പോ ഉണ്ടാവാറില്ല. ശർക്കര പാനിയോ, മത്തനും, പയറും കൊണ്ടുള്ള കറിയോ ഉപയോഗിച്ചായിരിക്കും ഇത് കഴിക്കുക. തൃശ്ശൂരിലെ വിഷുവിന് വിഷുക്കട്ട നിർബന്ധമാണ്. ഉച്ചക്ക് വിഭവസമൃദ്ധമായ സദ്യ. സദ്യയിൽ മാമ്പഴപുളിശ്ശേരി നിർബന്ധം. ചക്ക എരിശ്ശേരിയോ, ചക്കപ്രഥമനോ കാണണം. ഓണസദ്യയിൽ നിന്ന് വിഷുസദ്യക്കുള്ള വ്യത്യാസവും ഇതു തന്നെ. തൊടികളിൽ ചക്കയും മാങ്ങയും നിറഞ്ഞു നിൽക്കുന്ന കാലമായതുകൊണ്ടാവാമിത്.

വിഷു ആശംസകൾ....

ജെ ജെ ബിരിയാണികട

നാടൻ സദ്യക്കും (പലചരക്ക്), ബിരിയാണിക്കും ഫ്രൈഡ്റൈസിനും ചൈനീസ് ഫുഡിനും വേണ്ടതായ എല്ലാ സാധനങ്ങളും ഐസ്ക്രീം & കേക്ക് റോ മെറ്റീരിയൽസ് എന്നിവയും മൊത്തമായും ചില്ലറയായും വിൽക്കപ്പെടുന്നു.

പലചരക്ക് സാധനങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കുന്നു

ജെ ജെ ബിരിയാണി സ്റ്റോഴ്സ് (ബ്രാഞ്ച്)
കനാൽ സ്റ്റോപ്പ്, 4/545
കുരിയച്ചിറ, തൃശൂർ-6
ഫോൺ: 0487-2252033

ജെ ജെ ഏജൻസീസ്
ജയ്ഹിന്ദ് മാർക്കറ്റ് ബിൽഡിംഗ്, തൃശൂർ
(ജയ ബേക്കറിയുടെ പിറകുവശം)
Mob: 9847219266, Shop: 0487-2426317
Resi: 0487 2253179

വിഷു ആശംസകൾ...

കൊള്ളന്നൂർ ദേവസ്സി സൺസ്

* തൃശൂർ * കൊച്ചി
* കോഴിക്കോട്

വിഷു ആശംസകൾ...

കാരുണ്യ

കുറീസ് (P) ലിമിറ്റഡ്

Head Office: Karunya Chambers, Opp. Police Club,
HIGH ROAD, THRISSUR-680001.
Ph: 2442515. Branch Office: Faridabad

Chairman: THOMAS KOLLANNUR
Managing Director: JOSE A. KOLLANNUR

വിഷു ആശംസകൾ....

പത്മവ്യൂഹം ഭേദിച്ച്

13-ാം പതിപ്പും ഇംഗ്ലീഷ് പതിപ്പും വില്പനയിൽ

മാരക രോഗത്തിന്റെയും പ്രൊഫഷണൽ ജീവിതത്തിന്റെയും വെല്ലുവിളികളുടെ 'പത്മവ്യൂഹം' ഭേദിച്ച അസാധാരണ മനഃശക്തിയുള്ള വ്യക്തിയുടെ ജീവിത കഥ. വർത്തമാന കാലത്തെ രോഗാവസ്ഥകളെയും പ്രതിരോധ പ്രവർത്തനങ്ങളേയും അടയാളപ്പെടുത്തുന്ന കൃതി. ചരിത്രത്തോടും സമകാലിക ജീവത യാഥാർത്ഥ്യങ്ങളോടും ചേർന്നു നടക്കുന്ന അപൂർവ്വ സുന്ദര രചനാ രീതികൊണ്ട് ശ്രദ്ധേയം.

പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പായ **'ബ്രേവിംഗ് ഓഡ്സ്'** 2-ാം പതിപ്പ് നിയമസഭാ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, ബിഷപ്പ് മോർ അത്തനേഷ്യസിന് നൽകിയാണ് പ്രകാശനം ചെയ്തത്.

അഡ്വ. എ ഡി ബെന്നിയുടെ അനുഭവം, ഓർമ്മ, ദർശനം



പത്മവ്യൂഹം ഭേദിച്ച്

മാണി പയസ്

ഫോൺ: 9745561241

വിഷു ആശംസകൾ...

Jose Panthallookaran
Proprietor
Mob: 9847041046
9847321046
9447919850

CENTRAL CHICKEN
(Wholesale Chicken Merchants)

Panthallookaran Building, St. Mary's St, KURIACHIRA
Thrissur-6. Ph: 0847-2251209, 2251189, Resi: 2251089



മദ്റസ വിദ്യാരംഭം നടന്നു

തൃശൂർ : റമളാൻ അവധിക്കുശേഷം മദ്റസകളിൽ പുതിയ അദ്ധ്യയന വർഷത്തിലേക്കുള്ള വിദ്യാരംഭം നടന്നു. നവാഗതരായ കുട്ടികളെ സ്വാഗതം ചെയ്തു കൊണ്ട് മദ്റസകളിൽ നടന്ന പ്രവേശനോൽസവങ്ങൾ വർണ്ണാഭമായി. മുല്ലക്കര മുസ്ലിം മഹല്ല് ജമാഅത്തിലെ രിയാളുൽ ഉലൂം മദ്റസയിൽ നടന്ന പ്രവേശനോൽസവത്തിന്റെയും മദ്റസ ഓഫീസിന്റെയും ഉദ്ഘാടനം മഹല്ല് ഖത്വീബ് അബ്ദുൾ കബീർ നിസാമി നിർവ്വഹിച്ചു തുടർന്ന് കുട്ടികൾക്ക് ആധ്യാക്ഷരം കുറിച്ചു കൊടുത്തു . മഹല്ല് ട്രഷറർ ഷജീബുദ്ദീൻ തറയിൽ നവാഗതരെ ഉപഹാരം നൽകി സ്വീകരിച്ചു. മഹല്ല് ഭാരാവാഹികളും, രക്ഷിതാക്കളും മഹല്ല് നിവാസികളും പങ്കെടുത്ത പരിപാടിയിൽ സദർ മുഅല്ലിം നൗഷാദ് സഅദി അദ്ധ്യക്ഷം വഹിച്ചു . മഹല്ല് അസിസ്റ്റന്റ് ഇമാം അമീൻ അദനി ആശംസയറിയിച്ചു.സെക്രട്ടറി കെ. എം. മൊയ്തീൻ സ്വാഗതവും ജോയിന്റ് സെക്രട്ടറി സെയ്ഫുദ്ദീൻ നന്ദിയും പറഞ്ഞു

നിര്യാതനായി ജോർജ്ജ്

പുതുക്കാട്: ഹോളി ക്രോസ്സ് യൂണിറ്റിൽ, തട്ടിൽ നാനാപ്പൻ തോമൻ മകൻ ജോർജ് (79) നിര്യാതനായി. സംസ്കാര കർമ്മം നാളെ (ഞായർ), വൈകീട്ട് 3.30 നു പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന പള്ളി സെമിത്തേരിയിൽ നടത്തപ്പെടുന്നതാണ്. ഭാര്യ-ലൂസി. മക്കൾ-നൈസി സാന്റോ, തോമസ്, ജോർജ്ജ്, പിങ്കി ജോസ്. മരുമക്കൾ-സാന്റോ, സ്നേഹ, ജോസ്

അമല ഹോമിയോപ്പതി മെഡിക്കൽ ക്യാമ്പ് വരന്തരപ്പിള്ളിയിൽ

തൃശൂർ:അമല ഹോമിയോപ്പതി വിഭാഗം ലോക ഹോമിയോദിനാചരണത്തിന്റെ ഭാഗമായ് വരന്തരപ്പിള്ളി പള്ളിയിൽ വെച്ച് നടത്തിയ സൗജന്യ മെഡിക്കൽ ക്യാമ്പിന്റെഉദ്ഘാടനം അമല ജോ. ഡയറക്ടർ ഫാ.ഷിബു പുത്തൻപുരയ്ക്കൽ നിർവ്വഹിച്ചു. ഫാ.ജിയോ അലോനിക്കൽ, ഫാ.ജെറിൻ ആലപ്പാട്ട്, ഡോ.നിർമ്മല ഫിലിപ്പ്, ജോഷി അറങ്ങാശ്ശേരി എന്നിവർ പ്രസംഗിച്ചു. 70 രോഗികൾ ക്യാമ്പിൽ പങ്കെടുത്തു.

വാക്കത്തോൺ സംഘടിപ്പിച്ചു

തൃശൂർ: സമൂഹത്തിൽ വർദ്ധിച്ചു വരുന്ന രാസലഹരിക്കെതിരെ, വിരമിച്ച സൈനികാരുടെ ജനാധിപത്യ കൂട്ടായ്മയായ ദർശി തൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വാക്കത്തോൺ സംഘടിപ്പിച്ചു.ആർമി,എയർഫോഴ്സ് നേവി എന്നീ മൂന്ന് സേനാവിഭാഗങ്ങളിൽ നിന്നും വിരമിച്ച സൈനികരുടെ സംയുക്ത സംഘടനയാണ് ഡെമോക്രാറ്റിക് അലയൻസ് ഓഫ് റിട്ടയേർഡ് സോൾജിയേഴ്സ് ഓഫ് ഇന്ത്യ(DARSI).

തൃശ്ശൂർ സി എം എസ് സ്കൂൾ പരിസരത്തു നിന്നും ആരംഭിച്ച വാക്കത്തോൺ കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡണ്ട് കെ രവീന്ദ്രൻ ഉദ്ഘാടനവും അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് എൻ എസ് സലീഷ് ഫ്ളാഗ് ഓഫും ചെയ്തു.

തൃശൂർ കോർപ്പറേഷൻ പരിസരത്ത് ചേർന്ന സമാപനയോഗം മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി കെ ഡേവിസ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ദർശി ജില്ലാ പ്രസിഡന്റ് കെ കെ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. ദർശി ജില്ലാ സെക്രട്ടറി അഡ്വ: സി കെ ശശിധരൻ സ്വാഗതവും വൈസ് പ്രസിഡന്റ് വി ഹരിദാസ് നന്ദിയും പറഞ്ഞു. തൃശ്ശൂർ കോർപ്പറേഷൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി കെ ഷാജൻ, ദർശി ജില്ലാ ട്രഷറർ കുമാർ എന്നിവർ സന്നിഹിതരായിരുന്നു. കെ ജി ഭുവനൻ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

സംസ്ഥാന സർക്കാരിന്റെയും ജില്ലാഭരണകൂടത്തിന്റെയും നേതൃത്വത്തിൽ നടത്തി വരുന്ന സൗജന്യ ഡി അഡിക്ഷൻ ചികിത്സ ഉൾപ്പെടെയുള്ള വിവിധ ലഹരി വിരുദ്ധ സംവിധാനങ്ങളെക്കുറിച്ച് തൃശൂർ എക്സൈസ് പ്രിവന്റീവ് ഓഫീസർ രാമചന്ദ്രൻ പി ബോധവൽക്കരണം നടത്തി.

രാപകൽ സമരം നടത്തും: കെ പി എസ് ടി എ

തൃശൂർ :ഭിന്നശേഷിയുടെ പേരിൽ കേരളത്തിലെ എയ്ഡഡ് സ്കൂളുകളിലെ എല്ലാ നിയമനങ്ങളും സർക്കാർ തടഞ്ഞിരിക്കുകയാണ്. സുപ്രീം കോടതി വിധി ഉണ്ടായിട്ടുപോലും സർക്കാർ അനങ്ങാപ്പാറ നയം സ്വീകരിച്ചിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിൽ മാത്രം ആയിരത്തോളം അധ്യാപകർ ഇത്തരത്തലുണ്ട്കെ പി എസ് ടി എ തൃശ്ശൂർ ജില്ല കമ്മിറ്റി ഇതിനെതിരെ രാപകൽ സമരം നടത്തുന്നു.

തൃശ്ശൂർ കോർപ്പറേഷന് മുൻവശത്ത് ഏപ്രിൽ 15 ചൊവ്വാഴ്ച 5 മണിക്ക് DCC പ്രസിഡൻറ് അഡ്വ: ജോസഫ് ടാജറ്റ് ഉദ്ഘാടനം ചെയ്യും. എപ്രിൽ 16 ബുധനാഴ്ച രാവിലെ 9 മണിക്ക് ചാലക്കുടി ഐഘഅ ശ്രീ സനീഷ് കുമാർ ജോസഫ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. നേതാക്കളായ ടി വി ചന്ദ്രമോഹൻ, ജോസ് വള്ളൂർ, എം പി വിൻസെന്റ്, ഷാഹിദ റഹ്മാൻ, സാജു ജോർജ് എന്നിവർ സമരത്തെ അഭിസംബോധന ചെയ്ത് സംസാരിക്കും.

യോഗത്തിൽ ജില്ല പ്രസിഡൻറ് പത്മനാഭൻ പി സി അധ്യക്ഷത വഹിച്ചു.ജില്ല സെക്രട്ടറി ജയപ്രകാശ് പാറപ്പുറത്ത് സ്വാഗതവും ജില്ല ട്രഷറർ മുഹമ്മദ് റാഫി സി എ നന്ദിയും പറഞ്ഞു.സംസ്ഥാന വൈസ് പ്രസിഡൻറ് സാജു ജോർജ് മുഖ്യ പ്രഭാഷണം നടത്തി.സംസ്ഥാന നിർവാഹക സമിതി യംഗങ്ങളായ ടി യു ജയ്സൺ, റെയ്ജു പോൾ, ജോബി കെ ജെ, റെയ്മണ്ട് സി ജെ, ജസ് ലിൻ ജോർജ്,ജീജോ സി ആർ, ആന്റോ പി തട്ടിൽ, ഷീന എം ജെ, സുഫൈർ കെ എസ്,ഷിജോ ഡേവിഡ്, ജിജേഷ് എ കെ, പ്രവീൺ കുമാർ കെ, എ ഡി സാജു, മോളി പി എക്സ് എന്നിവർ പ്രസംഗിച്ചു.വിദ്യാഭ്യാസ ജില്ല നേതാക്കളായ ബിജോയ് എരണേഴത്ത്, സെബി കെ ജെ, ശ്രീകുമാർ കെ, ജലജ്, പ്രവീൺ എം കുമാർ, ഷിബി ശങ്കർ എന്നിവർ നേതൃത്വം നല്കും.

ബ്ലസ് എ ഹോം 15-ാം വാർഷികം 13.5 കോടി രൂപയുടെ ജീവ കാരുണ്യ പ്രവർത്തനങ്ങൾ

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട രൂപതയുടെ സമഗ്ര കുടുംബ ക്ഷേമ പദ്ധതിയായ ബ്ലസ് എ ഹോമിലൂടെ 13.5 കോടി രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി. പാവപ്പെട്ടവർ, നിരാലംബർ, ദുരിതമനുഭവിക്കുന്ന സാധാരണക്കാർ, മധ്യവർഗ കുടുംബങ്ങൾ എന്നിവർക്കായി 15 വർഷം കൊണ്ട് 3004 കുടുംബങ്ങൾക്കാണ് സഹായം ലഭിച്ചത്. ബ്ലസ് എ.ഹോം 15-ാം വർഷിക ആഘോഷം ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ചാലക്കുടി എം.എൽ.എ. സനീഷ് കുമാർ ജോസഫ് രൂപതയുടെ ഹോം ഫോർ ഹേലെസ് ലാന്റ് ബാങ്ക് പ്രോജക്ടിന്റെ ഉദ്ഘാടനം നിർവഹിച്ചു. ചാലക്കുടി മുനിസിപ്പൽ ചെയർമാൻ ഷിബു വാലപ്പൻ, രൂപത മുഖ്യ വികാരി ജനറാൾ മോൺ. ജോസ് മാളിയേക്കൽ, ബ്ലസ് എ ഹോം പ്രസിഡന്റും വികാരി ജനറാളുമായ മോൺ. ജോളി വടക്കൻ, കുഴൂർ പഞ്ചായത്ത് പ്രസിഡന്റ് സാജൻ കൊടിയൻ, ഹോളി ഫാമിലി പാവനാത്മ പ്രൊവിൻഷ്യൽ സിസ്റ്റർ ട്രീസ ജോസഫ്, ബ്ലസ് എ ഹോം ഡയറക്ടർ ഫാ ജിന്റോ വേരംപിലാവ്, വൈസ് പ്രസിഡന്റ് ജിജി മാമ്പിള്ളി, രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡേവിസ് ഊക്കൻ, രൂപത ഏകോപന സമിതി ജോ.സെക്കട്ടറി പിന്റോ ചക്കാലക്കൽ, രൂപത കുടുംബ സമ്മേളന കേന്ദ്ര സമിതി പ്രസിഡന്റ് ജോഷി പുത്തിരിക്കൽ, ഡയക്ടർ ബോർഡ് അംഗം ഷാജു പുതുശേരി, ടെൽസൺ കോട്ടോളി എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി സിസ്റ്റർ ബിന റിപ്പോർട്ടും സിസ്റ്റർ എലിസബത്ത് വരവ് ചെലവ് കണക്കും അവതരിപ്പിച്ചു.

ഗുണഭോക്താക്കളും, അഭ്യുദയകാംക്ഷികളും ചേർന്ന് അഞ്ഞൂറോളം പേർ പങ്കെടുത്തു. ലാൻഡ് ബാങ്ക് പ്രൊജക്ടിലേക്ക് സ്ഥലം സംഭാവന നൽകിയ അൽഫോൻസ പോൾസനേയും, ജേയ് ജോസ് കണ്ണംകുന്നിയേയും ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ ആദരിച്ചു.

വില്പനക്കായി 21 കിലോഗ്രാം കഞ്ചാവ് കടത്തിയ കേസ്:

പ്രതികൾക്ക് 10 വർഷം കഠിനതടവും, ഒരു ലക്ഷം രൂപ വിതം പിഴയും ശിക്ഷ

തൃശൂർ: അനധികൃത വില്പനക്കായി 20.845കി.ഗ്രാം കഞ്ചാവ് കടത്തിയ കേസിൽ പ്രതികളായ പാലക്കാട് മങ്കര മാങ്കുറിശ്ശി സ്വദേശിയും ഇപ്പോൾ ചാലക്കുടി വെള്ളാഞ്ചിറയിൽ താമസിക്കാനുമായ മേലേപ്പറമ്പിൽ രാജേഷ് 44 വയസ്സ്, കിഴക്കേ ചാലക്കുടി കിഴക്കേ പോട്ട അറയ്ക്കൽ മാളക്കാരൻ രഞ്ജു 43 വയസ്സ്, എന്നവരെ 10 വർഷം കഠിനതടവും, ഒരു ലക്ഷം രൂപ പിഴയടക്കുന്നതിനും തൃശ്ശൂർ നാലാം അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജി കെ.വി. രജനീഷ് ശിക്ഷ വിധിച്ചു. പിഴയടക്കാത്ത പക്ഷം 3 മാസം അധികത്തടവ് അനുഭവിക്കേണ്ടി വരും.

2021 ആഗസ്റ്റ് 12നാണ് കേസിനാസ്പദമായ സംഭവം നടന്നത്. ദേശീയപാതയിലൂടെ വില്പനക്കായി കഞ്ചാവ് കൊണ്ടുവരുന്നതായി പോലീസിന് രഹസ്യവിവരം ലഭിച്ചിരുന്നു. അതിനിടയിൽ കഞ്ചാവുമായി മഹീന്ദ്ര പിക്ക് അപ്പ് വാഹനമോടിച്ച് രാജേഷും, സഹയാത്രികനായി രഞ്ജുവും വരുന്നതിനിടെ മുരിങ്ങൂരിലെ സർവീസ് റോഡിനടുത്തു വെച്ച് കൊരട്ടി പോലീസ് സബ് ഇൻസ്പെക്ടർ ഷാജു ഇ.ഡി യുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം പിടികൂടുകയായിരുന്നു.

ധാരാളം കുടുംബങ്ങളെയും, പ്രത്യേകിച്ച് യുവതലമുറയെയും നശിപ്പിക്കുന്ന മാരകമയക്കുമരുന്നായ കഞ്ചാവ് പണംമോഹിച്ച് അനധികൃതമായി കൊണ്ടു വന്ന് വില്പന നടത്തുന്ന പ്രതികൾ യാതൊരു വിധ ദയയും അർഹിക്കുന്നില്ലെന്നും, നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ പ്രതികൾക്കു നൽകണമെന്നും പ്രോസിക്യൂഷൻ വാദിച്ചു.

കേസിൽ പ്രോസിക്യൂഷൻ ഭാഗത്തുനിന്നും 67 രേഖകളും, തൊണ്ടിമുതലും ഹാജരാക്കുകയും, 22 സാക്ഷികളെ വിസ്തരിക്കുകയും ചെയ്തു. കൊരട്ടി സ്റ്റേഷൻ ഹൗസ് ഓഫീസർ ആയിരുന്ന ബി.ആർ. അരുൺ ആണ് കേസ് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത്. പ്രോസിക്യൂഷൻ നടപടികൾ സി.പി.ഒ. ആയ ബിനോജ് ഗോപി ഏകോപിപ്പിച്ചു.

കേസിൽ പ്രോസിക്യൂഷന് വേണ്ടി തൃശ്ശൂർ എൻ.ഡി.പി.എസ്. സ്പെഷൽ പബ്ലിക്ക് പ്രോസിക്യൂട്ടർ എം.കെ. ഗിരീഷ്മോഹൻ, അഡീഷണൽ പബ്ലിക്ക് പ്രോസിക്യൂട്ടർ സോളി ജോസഫ്, മുൻ അഡീ. പബ്ലിക്ക് പ്രോസിക്യൂട്ടർ ഡിനി ലക്ഷ്മൺ പി. എന്നിവർ ഹാജരായി.

നിര്യാതയായി അമ്മിണി

ചെമ്പുക്കാവ്: ചെമ്പുക്കാവ് പുശ്ശേരി രാഘവൻ ഭാര്യ അമ്മിണി (88) നിര്യതയായി. സംസ്ക്കാരം കഴിഞ്ഞു. മക്കൾ: സോമൻ, സതി, ശോഭ, അനിൽകുമാർ, ഗീത,, ശശി, രമേഷ്, ഷീല, സുരേഷ്

സിപിഐ ജില്ലാ സമ്മേളനം സംഘാടക സമിതി രൂപീകരണ യോഗം ഇന്ന് വൈകീട്ട്

ഇരിങ്ങാലക്കുട : ചരിത്രത്തിലാദ്യമായി സി പി ഐ തൃശ്ശൂർ ജില്ലാ സമ്മേളനത്തിന് ഇരിങ്ങാലക്കുട വേദിയാകുന്നു. 2025 ജൂലായ് 11, 12, 13, തിയ്യതികളിൽ നടക്കുന്ന സമ്മേളനത്തിന്റെ സംഘാടക സമിതി രൂപീകരണ യോഗം ഏപ്രിൽ 12 ശനിയാഴ്ച വൈകീട്ട് 4 മണിക്ക് ടൗൺ ഹാൾ അങ്കണത്തിൽ നടക്കും. സി പി ഐ ദേശീയ കൗൺസിൽ അംഗവും സംസ്ഥാന റവന്യൂ വകുപ്പ്